(ഡി) ലഭിച്ചിരുന്നു. എന്നാൽ മലയോര വികസന ഏജൻസിയുടെ കീഴിൽ ഉൾപ്പെട്ടിരുന്ന 561 ഗ്രാമ പഞ്ചായത്തുകളിൽ 800 മീറ്റർ കോണ്ടൂരിന് മുകളിൽ ഉള്ളതോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക വിധേയമായതോ ആയ 153 പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും മാത്രമാണ് മലയോര വികസന ഏജൻസിയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 153 ഗ്രാമപഞ്ചായത്തുകളിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

മലയോര വികസനത്തിനായി പദ്ധതികൾ

16 (1487) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര വികസനത്തിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, അഹാഡ്സ്, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടേയും, പാലങ്ങളുടേയും, നടപ്പാതകളുടേയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൃഷി തുടങ്ങിയ വികസന പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണുസംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവയും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയോര വികസന ഏജൻസിയുടെ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ സെക്രട്ടറി, കൃഷി ഓഫീസർ, ഫിനാൻസ് മാനേജർ, സ്റ്റാഫ്സ്റ്റാൻ എന്നിവർ വിവിധ വകുപ്പുകളിൽ നിന്ന് അന്യത്ര സേവനത്തിനായും ബാക്കി ക്ലറിക്കൽ ജോലികൾക്കുമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ 3 പേരെയും നിയോഗിച്ചിട്ടുണ്ട്. നിലവിലെ എല്ലാ പദ്ധതികളും ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ മുഖേനയും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് മുഖേന പ്രോജക്ട് ഡയറക്ടർമാരുമാണ് നടപ്പിലാക്കുന്നത്.

ഇന്ദിര ആവാസ് യോജന

17(1488) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി ഇതേ പേരിൽ നിലവിലുണ്ടോ ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പേര് മാറ്റിയിട്ടുണ്ടെങ്കിൽ ഇതേ ഉദ്ദേശലക്ഷ്യങ്ങളോടെ ഇപ്പോൾ നിലവിലുള്ള പദ്ധതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നിർമ്മാണം തുടങ്ങിയ വീടുകളുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തിയാക്കാനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുമോ?

ഉത്തരം

(എ) നിലവിലുണ്ട്. ഗ്രാമീണ മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ദിര ആവാസ് യോജന. ഇന്ദിര ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000 രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ വഹിച്ചുവരുന്നു. എന്നാൽ കേരളത്തിൽ ഐ.എ.വൈ. ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly